# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

നവംബർ 17

November 17

2018

*1193 വൃശ്ചികം 1 ശനി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ശബരിമല തീർഥാടനം: മാംസഭക്ഷണം നിരോധിച്ചു**

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള കടകളിൽ മാംസഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും ഉപയോഗിക്കുന്നതും നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി. ളാഹ, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിലെ കടകളിൽ മാംസഭക്ഷണം പാകം ചെയ്ത് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് ജില്ലാ കളക്ടർ ഉത്തരവിറക്കിയിട്ടുള്ളത്. (പിഎൻപി 3759/18)

**ശബരിമല തീർഥാടനം: വിലവിവരപ്പട്ടികകൾ വിവിധ ഭാഷകളിൽ പ്രദർശിപ്പിക്കണം**

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിലെ എല്ലാ ഭക്ഷണശാലകളിലും മലയാളം, ഹിന്ദി, തമിഴ്, കന്നട, തെലുങ്ക്, ഇംഗ്ലീഷ് ഭാഷകളിൽ വിലവിവരപ്പട്ടിക പ്രദശിപ്പിക്കുന്നത് കർശനമാക്കി ജില്ലാ കളക്ടർ ഉത്തരവായി. (പിഎൻപി 3760/18)

**ശബരിമല തീർഥാടനം : വാഹനങ്ങളുടെ സമീപം ഗ്യാസ് സിലണ്ടർ ഉപയോഗിച്ച് പാചകം ചെയ്യുന്നത് നിരോധിച്ചു**

ശബരിമല തീർഥാടന കാലയളവിൽ നിലയ്ക്കലിലെ പാർക്കിംഗ് സ്ഥലം, പത്തനംതിട്ട മുതൽ പമ്പ വരെയുള്ള വഴിയോരങ്ങൾ എന്നിവിടങ്ങളിൽ വാഹനങ്ങളുടെ സമീപത്തായി

ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് പാചകം ചെയ്യുന്നത് സുരക്ഷാ കാരണങ്ങളാൽ നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി. (പിഎൻപി 3761/18)

## ശബരിമല തീർഥാടനം: മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് നിരോധിച്ചു

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ, ശബരിമല കാനന പാതകൾ, തീർഥാടകർ സഞ്ചരിക്കുന്ന വനാതിർത്തികൾ എന്നിവിടങ്ങൾ ചപ്പുചവറുകൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പികൾ, ആഹാര അവശിഷ്ടങ്ങൾ, ശീതള പാനീയ കുപ്പികൾ എന്നിവ പൊതുശല്യമുണ്ടാക്കുന്ന വിധത്തിൽ നിക്ഷേപിക്കുന്നത് നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി. (പിഎൻപി 3762/18)

## ശബരിമല തീർഥാടനം: പമ്പയിൽ സോപ്പ്, എണ്ണ എന്നിവ ഉപയോഗിച്ചുള്ള സ്നാനം നിരോധിച്ചു

ശബരിമല തീർഥാടന കാലയളവിൽ പമ്പാ നദിയിൽ സോപ്പ്, എണ്ണ എന്നിവ ഉപയോഗിച്ച് സ്നാനം ചെയ്യുന്നത് നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

(പിഎൻപി 3763/18)

## വാഹന ലേലം

പത്തനംതിട്ട എക്സൈസ് ഡിവിഷനിൽ വിവിധ അബ്കാരി കേസുകളിൽപ്പെട്ട് സർക്കാരിലേക്ക് കണ്ടുകെട്ടിയ വിവിധ വാഹനങ്ങൾ ഈ മാസം 26ന് രാവിലെ 11ന് പത്തനംതിട്ട എക്സൈസ് ഡിവിഷൻ ഓഫീസിൽ പരസ്യമായി ലേലം ചെയ്യും. ഫോൺ: 0468 2222873. (പിഎൻപി 3764/18)

## ശബരിമല തീർഥാടനം: പഴുതടച്ച സംവിധാനങ്ങളുമായി ഭക്ഷ്യസുരക്ഷാ വകുപ്പും ലീഗൽ മെട്രോളജിയും

ശബരിമല മണ്ഡല മകരവിളക്ക് തീർഥാടന കാലത്ത് ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പഴുതടച്ച സംവിധാനങ്ങളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുള്ളത്. ശബരിമല, പമ്പ, നിലയ്ക്കൽ, ളാഹ, തുലാപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. സന്നിധാനത്ത് ഒരു ഭക്ഷ്യസുരക്ഷ ഓഫീസറുടെ മേൽനോട്ടത്തിൽ മൂന്നംഗ സ്ക്വാഡും നിലയ്ക്കൽ, ളാഹ ഭാഗങ്ങളിൽ ഭക്ഷ്യസുരക്ഷ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡും പമ്പയിലേയ്ക്ക് പ്രത്യേകമായി ഒരു ഭക്ഷ്യസുരക്ഷ ഓഫീസറേയുമാണ് മുഴുവൻ സമയ പ്രവർത്തനത്തിനായി നിയോഗിച്ചിരിക്കുന്നത്. ആഹാര സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തന നിരതമായിരിക്കും.

നിലയ്ക്കലിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചു. ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിലും പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിലും പരിശോധിക്കും. പഴകിയതോ മായം കലർന്നതോ ആയ ഭക്ഷണ സാധനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 2006ലെ ഭക്ഷ്യസുരക്ഷ നിലവാര നിയമപ്രകാരം കർശന നിയമനടപടികൾ സ്വീകരിക്കും. എല്ലാ സ്ഥാപനങ്ങളിലും 1800 425 1125 എന്ന ഭക്ഷ്യസുരക്ഷ ടോൾ ഫ്രീ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തും. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി രാസ പരിശോധനയ്ക്കും മൈക്രോബയോളജി പരിശോധനയ്ക്കും പ്രത്യേകമായി സാമ്പിളുകൾ ശേഖരിക്കും. കൂടാതെ, അന്നദാനസ്ഥലങ്ങളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം

ഉറപ്പാക്കുന്നതിലേയ്ക്കായി പ്രത്യേക സ്ക്വാഡും പ്രവർത്തിക്കും.

ശബരിമല തീർഥാടത്തോടനുബന്ധിച്ച് ഭക്ഷണപദാർത്ഥങ്ങൾ നിർദ്ദിഷ്ട അളവിലും തൂക്കത്തിലും ലഭിക്കുന്നുണ്ടോ എന്നും പാക്കേജ്ഡ് കമ്മോഡിറ്റീസ് നിയമപ്രകാരം പായ്ക്കറ്റിന് പുറത്ത് വേണ്ടതായ പ്രഖ്യാപനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ലീഗൽ മെട്രോളജി വകുപ്പ് പരിശോധിക്കും. പായ്ക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലയേക്കാൾ അധികവില ഈടാക്കുക, കാലവധി കഴിഞ്ഞ ഉത്പന്നങ്ങൾ വിറ്റഴിക്കുക തുടങ്ങിയവയ്ക്കെതിരെ വകുപ്പ് കർശന നടപടി സ്വീകരിക്കും. പെട്രോൾ പമ്പുകളിൽ നിർദ്ദിഷ്ട അളവുകളിൽ ഇന്ധനം ലഭ്യമാക്കുന്നുണ്ടോ എന്ന പരിശോധനയും വകുപ്പ് കർശനമാക്കും.

(പിഎൻപി 3765/18)

**പ്രത്യേക പത്രക്കുറിപ്പ്**

## ഇന്ന് (18) രാത്രി തുറന്ന് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (18) രാത്രി തുറന്ന് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: സൈമൺ ജോർജ് ആൻഡ് സൺസ്, ജനറൽ ആശുപത്രിക്ക് സമീപം പത്തനംതിട്ട, ഫാമിലി മെഡിക്കൽസ് കോന്നി, ആശ്വാസ കമ്മ്യൂണിറ്റി ഫാർമസി കോഴഞ്ചേരി, അപ്പോളോ മെഡിക്കൽസ് അടൂർ, ചിറമേൽ മെഡിക്കൽസ് പന്തളം, ജയ് മെഡിക്കൽസ് പാലിയേക്കര തിരുവല്ല, ന്യൂ മെഡിക്കൽസ് റാന്നി, നീതി മെഡിക്കൽ സ്റ്റോർ വടശേരിക്കര.

(പ്രത്യേക പത്രക്കുറിപ്പ് 03/18)

## നാളെ (19) രാത്രി തുറന്ന് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (19) രാത്രി തുറന്ന് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: കുറുങ്ങാട്ട് മെഡിക്കൽസ് ജനറൽ ആശുപത്രിക്ക് സമീപം പത്തനംതിട്ട, നീതി മെഡിക്കൽ സ്റ്റോർ കോന്നി, നീതി മെഡിക്കൽ സ്റ്റോർ കോഴഞ്ചേരി, ഓർമ മെഡിക്കൽസ് അടൂർ, എക്സൽ മെഡിക്കൽ സ്റ്റോർ പന്തളം, പ്രധാനമന്ത്രി ജൻഔഷധി കേന്ദ്ര മുത്തൂർ തിരുവല്ല, പ്രകാശ് മെഡിക്കൽസ് റാന്നി, കുര്യൻസ് മെഡിക്കൽസ് കുമ്പളാംപൊയ്ക.

(പ്രത്യേക പത്രക്കുറിപ്പ് 04/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**